പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2862 | 20/06/2013 -ൽ മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, കെ. വി. വിജയദാസ്<br>,, പുരുഷൻ കടലുണ്ടി<br>,, കെ. കെ. നാരായണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; | എ) രജിസ്ട്രേഷൻ വകുപ്പിൽ വിഭാവനം ചെയ്തിരിക്കുന്ന ഓൺലൈൻ സംവിധാനത്തിന്റെ പരീക്ഷണപരിപാടി അവസാനഘട്ടത്തിലാണ്.<br>തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ, 01/09/2011-ൽ പദ്ധതിക്ക് തുടക്കം കുറിക്കുകയും, ജില്ലയിലെ മറ്റ് 11 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിയുടെ പരീക്ഷണ പരിപാടി നടന്നുവരികയും ചെയ്യുന്നു. |
| ബി) പ്രസ്തുത സംവിധാനം എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ; | ബി) തിരുവനന്തപുരം ജില്ലയിലെ, പട്ടം, ശാസ്തമംഗലം, നെടുമങ്ങാട്, ചിറയിൻകീഴ്, പാലോട്, വർക്കല, ആറ്റിങ്ങൽ, കഴക്കൂട്ടം, തിരുവനന്തപുരം, ചാല, പോത്തൻകോട്, നേമം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. |
| സി) ഓൺലൈൻ വഴി ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ലഭിക്കുന്നത്; | സി) ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ, പ്രത്യേക നിയമപ്രകാരമുള്ള വിവാഹ സർട്ടിഫിക്കറ്റുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ, നിലവിൽ, ഓൺലൈൻ മുഖേന സമർപ്പിക്കുവാൻ സാധിക്കും. ഇ-പേയ്മെന്റ് സൗകര്യം |

പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക്, സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരുടെ പുനരധിവാസത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

ഡി) ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പദ്ധതി നിർവ്വഹണമാണ് സർക്കാർ അവലംബിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.